പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1222 15-10-2026-ൽ മറുപടിയ്ക്ക്

എ.ഐ. സാങ്കേതിക വിദ്യയും പാഠ്യപദ്ധതി പരിഷ്കരണവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. എം. റഹ്മത്തുള്ള

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) അത്യാധുനിക ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) സാങ്കേതിക വിദ്യയുടെ കാലത്ത് മാറുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്തെ പാഠ്യപദ്ധതിയിലും വിദ്യാഭ്യാസ സമ്പ്രദായത്തിലും പരിഷ്കരണങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 അടിസ്ഥാനമാക്കി പുതിയ പാഠ്യപദ്ധതി പരിഷ്കരണം 2024 മുതൽ കേരളത്തിൽ നടപ്പിലാക്കി വരുന്നു. 2026-യോട് കൂടി 1-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുമുള്ള പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയാകുന്നതാണ്. അതിനുശേഷം പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള പാഠ്യപദ്ധതിയെ സമഗ്രമായ ഒരു പഠനത്തിന് വിധേയമാക്കാൻ ഉദ്ദേശിക്കുന്നു. ആർട്ടിഫിഷ്യൽ സാങ്കേതികവിദ്യയുടെ ഉപയോഗം ഓരോ പഠിതാവിനും പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകുന്നതിനുള്ള സാധ്യത ഒരുക്കുന്നതിനോടൊപ്പം വിദ്യാഭ്യാസമേഖലയിൽ സമത്വവും ലഭ്യതയും ഗുണമേന്മയും ഉറപ്പുവരുത്തുകയും ചെയ്യുന്നു. ആയതിനാൽ നവീനമായ ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉൾച്ചേർത്ത് സമഗ്രമായ ഒരു പാഠ്യപദ്ധതി പരിഷ്കരണവും Curriculum Steering Committee യുടെ അംഗീകാരത്തോടെ നടപ്പിലാക്കാൻ സാധിക്കുന്നതാണ്. പാഠപുസ്തകങ്ങൾ നിലവിലുള്ള പ്രിന്റ് രൂപത്തിനോടൊപ്പം കുട്ടികൾക്ക് ഇന്ററാക്ട് ചെയ്യാൻ കഴിയുന്ന തരത്തിലുള്ള ഡിജിറ്റൽ പതിപ്പുകൾ കൂടി തയ്യാറാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

S.C.E.R.T-യിൽ രൂപീകൃതമാകുന്ന Jawaharlal Nehru Centre for Scientific Temperament (JNCST) എന്ന യൂണിറ്റ് ശാസ്ത്രസാങ്കേതികരംഗത്തെ കുതിച്ചുചാട്ടത്തിനൊപ്പം സഞ്ചരിക്കുന്നതിനും അതിലൂടെ പൊതുവിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്തുന്നതിനുമുള്ള ഒരു സംരംഭമാണ്.

(ബി) നിലവിലെ പാഠ്യപദ്ധതികൾ കാലോചിതമായി തിരുത്തിയെഴുതുന്നതിനും പുത്തൻ സാങ്കേതിക വിദ്യകൾ പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനുമായി എന്തെല്ലാം ഇടപെടലുകളാണ് നിലവിൽ നടത്തിവരുന്നത്;

മറുപടി: നിലവിലെ ഹയർസെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണത്തിന് ശേഷം എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങളെ

ഡിജിറ്റൽ ഇന്ററാക്ടീവ് പാഠപുസ്തകങ്ങളാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സ്കൂൾതലത്തിൽ കുട്ടികൾക്ക് എ.ഐ. കോഡിംഗ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: ഹൈസ്കൂൾ തലങ്ങളിലുള്ള വിവരസാങ്കേതിക വിദ്യ പാഠപുസ്തകങ്ങളിൽ എ.ഐ കോഡിംഗ്, റോബോട്ടിക്സ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളിൽ ലഭ്യമാക്കിയിട്ടുള്ള റോബോട്ടിക് കിറ്റ് ഉപയോഗിച്ച് പ്രവർത്തനാധിഷ്ഠിതമായാണ് ഈ പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നത്.

(ഡി) പുതിയ കാലത്തിനനുസരിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണം എപ്പോഴേക്ക് പൂർത്തിയാക്കി നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മറുപടി: പുതിയ കാലത്തിനനുസരിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണം Curriculum Steering Committee യുടെ തീരുമാനം അനുസരിച്ച് നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ